
LOGIN
ST.MARCELLINA'S G.H.S
NATTASSERY
Little Kites : 2k22-2k25

## സന്ദേശം

വിജ്ഞാനം വിരൽത്തുമ്പിലൂടെ

അനസ്യൂതം പ്രവഹിച്ചു കൊണ്ടിരിക്കുന്ന
ഈ കാലഘട്ടത്തിൽ ,വളർന്നുവരുന്ന

പ്രിയ കുട്ടികൾക്ക് വിജയാശംസകൾ ...

LOGIN മികവുറ്റ ഡിജിറ്റൽ മാഗസിനാക്കാൻ

പരിശ്രമിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ...

സി. ഷാനി എസ്. വി.എം
സ്ക്കൂൾ മാനേജർ



Sr.Elsamma Thattarkunnel
**(HM)**

സാങ്കേതിക വിദ്യയിൽ മാതൃകാപരമായ നേട്ടങ്ങൾ കൈവരിച്ച് മുന്നേറുന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അവരുടെ ജൈത്രയാത്രയിൽ ഒരു പൊൻതൂവൽ കൂടി ചേർത്ത് ലോഗിൻ മാഗസിൻ

വ്യത്യസ്ത നിറങ്ങളും അഭിരുചികളും ഒരു ചട്ടക്കൂട്ടിൽ സമന്വയിപ്പിക്കാനുള്ള നിങ്ങളുടെ പരിശ്രമം അഭിനന്ദനാർഹമാണ്, കൂടുതൽ മേഖലകളിൽ ഏവരും വിജയിക്കട്ടെ. വിജയാശംസകൾ...

# ആശംസ

അതിരുകളില്ലാത്ത അവസരങ്ങളുടെ ലോകത്തേയ്ക്ക് കുതിച്ചുയരുന്ന കൊച്ചു കൂട്ടുകാർക്ക് ഊർജ്ജമാവട്ടെ ലിറ്റിൽ കൈറ്റ്സിലെ ഓരോ പ്രവർത്തനങ്ങളും ..

Little Kites 2K22_2K25 തയ്യാറാക്കിയ LOGIN മാഗസിന്റെ അണിയറ പ്രവർത്തകർക്കും അംഗങ്ങൾക്കും എല്ലാ വിധ ആശംസകളും നന്മകളും നേരുന്നു.

ഒത്തിരി സ്നേഹത്തോടെ
ജോസി ജോർജ്ജ്
(അദ്ധ്യാപിക)

**SURYA SANKAR D**
**DARSA SUNIL**
**AFRA U**
**HADIA HANAN THAJ**
**MAHIMA SAM**
**LAMIYA NEJEEB**
**ANSONA SIMON**



# ആമുഖം

ഡിജിറ്റൽ ലോകത്തിന്റെ മാസ്മരിക വലയത്തിലാണ് നാം ജീവിക്കുന്നത് .എന്തിനും ഏതിനും ഗൂഗിളിനെ ആശ്രയിക്കുന്ന ഒരു കാലം, ഇവിടെ നമുക്കും നമ്മുടേതായ ഇടം കണ്ടെത്താൻ കഴിയണം . അതിനു വേണ്ടി ഉള്ള ശ്രമങ്ങൾ സ്ക്കൂൾ കാലഘട്ടത്തിൽ തന്നെ ആരംഭിക്കേണ്ടതായിട്ടുണ്ട് .ഞങ്ങൾ കുട്ടികൾ എഴുതിയതും വരച്ചതും എഡിറ്റുചെയ്തതുമായ കഥകളും , കവിതകളും ,ചിത്രങ്ങളുമാണ് ഇവിടെ സർഗസൃഷ്ടികളായി അവതരിപ്പിക്കപ്പെടുന്നത് .ഞങ്ങൾ ലിറ്റൽ കൈറ്റ്സ് വിദ്യാർത്ഥികൾ സമർപ്പിക്കുന്നു ... ലോഗിൻ ...ആസ്വദിക്കാം

# ഉള്ളടക്കം


സുന്ദരി മഴവില്ല്

സ്വപ്നം

സൗഹൃദം എന്നൊരാ മായാവലയം

മൂർഖനും ഉളിയും

കുത്തിവര

പ്രകൃതി

A DREAM

My Story Of LOVE

HOPE

[illegible]

മിനുങ്ങുന്നതെല്ലാം മിന്നാമിനുങ്ങല്ല ...



# CHIEF EDITOR

[illegible]

[illegible] ലിറ്റിൽ കൈറ്റ്സ് 2K22-2K25- ന്റെ 'ലോഗിൻ' ഡിജിറ്റൽ മാഗസിൻ പൂർണ്ണരൂപത്തിലായിക്കഴിഞ്ഞിരിക്കുന്നു. ഈ അവസരത്തിൽ നന്ദിയുണ്ട്....... സഹായഹസ്തങ്ങളായി കൂടെ നിന്ന അധ്യാപകർക്ക്, ആദ്യം മുതൽ അവസാനം വരെ പ്രയത്നിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി. ഈ മാഗസിൻ നിർമ്മിക്കുവാൻ വേണ്ടിയുള്ള വിഭവങ്ങൾ തന്ന എല്ലാ കൂട്ടുകാർക്കും അകൈതവമായ നന്ദി. എല്ലാത്തിനുമുപരിയായി ഞങ്ങൾക്ക് മാഗസിൻ നിർമ്മിക്കുവാനായിസമയവും സന്ദർഭവും നൽകിയ ഞങ്ങളുടെ സ്നേഹനിധിയായ ഹെഡ്മിസ്ട്രസ് റവ. സിസ്റ്റർ കൊച്ചുത്രേസ്യ എസ് വി എമ്മിനും എന്റെ അകമഴിഞ്ഞ നന്ദി

സ്നേഹപൂർവ്വം ചീഫ് എഡിറ്റർ
Lamiya Nejeeb




Ashika V Deepesh
V B


# സുന്ദരി മഴവില്ല്

സുന്ദരി മഴവില്ലേ.........
സുന്ദരി മഴവില്ലേ.........
മേഘത്തിൻ മടിയിൽ ഇരുന്നാലും, കണ്ണ് കളിരുന്നു
കാണുമ്പോൾ............

സങ്കടമാകുന്നു നീ മായുമ്പോൾ
ഈ സുന്ദര നിറങ്ങൾ ആര് തന്നു?
ആര് നിനക്ക് നില നൽകി?...........!

എന്നെ കൂടി കൊണ്ടുപോകാമോ?
സുന്ദരിയാകും മഴവില്ലേ, നിന്റെ കൂടെ
ഇരുത്താമോ?..!
തന്നെ ഇരുന്നാൽ മുഷിയില്ലേ?....
വന്നു കളിക്കാൻ കൊതി തോന്നില്ലേ?....

സുന്ദരിയാകും മഴവില്ലേ മായരുതേ നീ മായരുതേ....

അഴകിൻ സുന്ദരി പോകരുതേ...







# സ്വപ്നം

ഒരിടത്ത്  ഒരു കുട്ടിയുണ്ടായിരുന്നു. അവന്റെ പേര് അമൽ എന്നാണ്. അവന് പതിനാല് വയസായപ്പോഴ് അവന്റെ അമ്മയും അച്ഛനും ഒരു ആക്സിഡന്റിൽ മരിച്ചു പോയി. അത്കൊണ്ട് അവൻ ആ ചെറിയപ്രായത്തിൽ തന്നെ ജോലിക്ക് പോകാൻ തുടങ്ങി. ജോലി ചെയ്ത് കിട്ടിയ പൈസകളിൽ നിന്ന് കുറച്ച് കുറച്ചായി അവൻ മാറ്റിവെക്കുമായിരുന്നു. കാരണം അവൻ ആണ് പൈസ കൊണ്ട് വേണം അവന്  അവന്റെ സ്വപ്നം നിറവേറ്റാൻ. അവന്റെ സ്വപ്നവും ജീവിതലക്ഷ്യവും ഒരു ഡോക്ടർ ആകാൻ ആണ്. ഒടുവിൽ അവൻ ആ പൈസ കൊണ്ട് പഠിച്ച് അവൻ ഒരു ഓഫിസിൽ ജോലിക്ക് കയറി. ആ ജോലിയിൽ നിന്ന് കിട്ടിയ പൈസ കൊണ്ട് അവന് എം. ബി. ബി. എസിനു ചേർന്നു. അവൻ ജോലിചെയ്ത പൈസ കൊണ്ട് അവൻ ഫീസ് എല്ലാം കൊടുത്തു. അങ്ങനെ അവൻ അവിടെ ഒന്നാം സ്ഥാനത്തോടെ വിജയിച്ചു ഒരു ഡോക്ടർ ആയി. അങ്ങനെ അവൻ അവന്റെ സ്വപ്നം കയിവാരിക്കാൻ ആയി .

• ഗുണപാഠം : അധ്വാനിച്ചാൽ നമുക്കും നമ്മുടെ സ്വപ്നത്തിൽ എത്തി ചേരാം.

- Sreenanda P. S
V B

# "സൗഹൃദം എന്നൊരാ മായാവലയം "



Farsana Neshi
IX B

ജീവിതമാകുന്ന യാത്രയിലെ ഒരു മായാവലയമാണ്
സൗഹൃദം....
കൂടെ പിറന്നില്ലെങ്കിലും കൂടെപ്പിറപ്പായി മാറിയ കുറെ
മനുഷ്യർ....
ആ മായാവലയത്തിൽ ഞാനും,
അവരും ഞങ്ങളുടെ മനോഹരമായ ഓർമ്മകളും....!

ഏതൊരു സാഹചര്യത്തിലും താങ്ങായി തണലായി
കൂടെ നിഴൽപോൽ നിന്നവർ....
ഒരു പക്ഷെ ആ
മായാവലയത്തെ ഞാൻ തേടി
ചെന്നില്ലായിരുന്നുവെങ്കിൽ
ഞാൻ ഈ യാത്രയിൽ
ഏകയായി തീർന്നേനെ....




# St.Marcellina's Girls High School
# Nattassery





Riya R Reji
V B



# മൂർഖനും ഉളിയും

ഒരിക്കൽ ഒരു മൂർഖൻ പാമ്പ് ഒരു മരപ്പണിക്കാരന്റെ വീട്ടിൽ കയറി .രാത്രി ആയതിനാൽ എല്ലാവരും നല്ല ഉറക്കത്തിലാണ്. മരപ്പണിക്കാരന്റെ പണിയായുധങ്ങൾക്കിടയിലൂടെ പാമ്പ് ഇഴയുന്നതിനിടയാണ് അത് സംഭവിച്ചത് മൂർച്ചയുള്ള ഒരു ഉളിയുടെ വായ്ത്തലയിലൂടെ കടന്നു പോയതും പാമ്പിൻറെ ദേഹം ചെറുതായൊന്ന് മുറിഞ്ഞു .തന്നെ ആരോ ആക്രമിച്ചതാണെന്ന് കരുതി ദേഷ്യം വന്ന മൂർഖൻ പത്തി വിടർത്തി ചുറ്റും നിരീക്ഷിച്ചു. തന്നെ ആക്രമിച്ച സാധനം ഇരുട്ടത്ത് ഇരിക്കുന്നത് മനസ്സിലാക്കി പൊടുന്നനെ അതിനെ തുരുതുര കൊത്താൻ തുടങ്ങി. എന്നാൽ ഉളിയിൽ ഓരോ തവണ കൊത്തുമ്പോഴും മുറിഞ്ഞു കൊണ്ടേയിരുന്നു ശത്രുവിന് ആണെങ്കിൽ ഒരു കുഴപ്പവുമില്ല. എന്താണ് സംഭവിക്കുന്നത് എന്ന് മനസ്സിലാക്കാത്തതിനാൽ മൂർഖന് വല്ലാതെ ദേഷ്യം വന്നു .എങ്കിൽ ശത്രുവിനെ ഞെരുക്കി കൊല്ലുക തന്നെ മൂർഖൻ തൻറെ ദേഹം കൊണ്ട് ഉളിയെ ചുറ്റി തൻറെ എല്ലാ ശക്തിയും ഉപയോഗിച്ച് ഉളിയെ ഞെരുക്കി .പക്ഷേ ഓരോ തവണ മുറുക്കുമ്പോഴും ഉളിയുടെ വായ്ത്തല ഉള്ള ഭാഗത്ത് കൊണ്ട് മൂർഖന്റെ ദേഹം ആഴത്തിൽ മുറിയുക അല്ലാതെ ഉളിക്ക് ഒന്നും സംഭവിച്ചില്ല.  മൂർഖന്റെ ദേഹം പലയിടത്തായി മുറിഞ്ഞ് ചോര വരാൻ തുടങ്ങി. ദേഹത്ത് നിന്ന് ചോര നഷ്ടപ്പെട്ടതോടെ പാമ്പ് ക്ഷീണിതനായി. അനങ്ങാൻ വയ്യാതെ കിടന്നു പിറ്റേന്ന് മരപ്പണിക്കാരൻ വന്നു നോക്കുമ്പോൾ അതാ മുറിയിൽ ഒരു മൂർഖൻ പാമ്പ് ഉളിയിൽ ചുറ്റി ചത്ത് കിടക്കുന്നു. മൂർഖന്റെ അവസ്ഥ പോലെ നമ്മുടെ ജീവിതത്തിലും സംഭവിക്കാറുണ്ട്. നമ്മളെ ചിലപ്പോൾ ആരെങ്കിലും ചെറുതായെന്ന് നോവിച്ചാൽ ദേഷ്യം വന്നു നമ്മൾ അവരെ വേദനിപ്പിക്കാൻ ആയി പലതും പറഞ്ഞെന്നും ചെയ്തെന്നും വരും. അങ്ങനെ ചെയ്യുമ്പോൾ നമ്മൾ നമ്മളെ തന്നെ ഇല്ലാതാക്കുകയാണ്. പകരം അത്തരം സന്ദർഭങ്ങൾ ഉണ്ടായാൽ അതിനെ അവഗണിക്കുകയാണ് വേണ്ടത് ,അല്ലാതെ പ്രതികരിക്കാൻ പോയാൽ മൂർഖൻ പാമ്പിന് സംഭവിച്ചത് പോലെ ഒടുവിൽ വലിയ ദുരന്തത്തിൽ ആയിരിക്കും ആ പ്രശ്നം അവസാനിക്കുക

# കുഞ്ഞിവര



Anandha Gireesh
VB



ANJITHA VB





Diwa Sunil V A






Faiha Fathima
V B



Nitha Hanna    V A




Liyana Nejeeb VA






Gayathri Ajikumar





Nandana k






Mahima Sam



Krishnendhu P
VB



# പ്രകൃതി

ഭ്രൂമിക്ക് പച്ച പുതപ്പേകി നിൽക്കുന്ന
സസ്യങ്ങളേ തൊഴുക നിത്യവും നാം...
അമ്മ തണൽ നൽകി നമ്മളെ കാക്കുന്ന
വൃക്ഷങ്ങളേ തൊഴുക നിത്യവും നാം... (2)

അന്നമായ് വായുവായ് നമ്മളെ കാക്കുന്ന
വൃക്ഷങ്ങളെ തൊഴുക നിത്യവും നാം...
കിളികൾക്കു വീടായ് ക്രൂടായ് മാറുന്ന ഹരിത
വ്യക്ഷങ്ങളെ സ്നേഹിക്ക  നാം... (2)

അരുവിതൻ കുളിരിന്നു ക്രൂട്ടായി നിന്നിടും
അരുമയാം മണ്ണിനെ മുറുകെ പുണർന്നിടും
മകരന്ദമൂട്ടി മദുപങ്ങളെ സ്നേഹഫലമൂട്ടി
ജീവചാലങ്ങളെ (2)

അകതാരിലൂറുമീ ബോധത്തിലെന്നുമേ
തരുനിരകളെ തൊഴുക നിത്യവും നാം...
ഭ്രൂമിക്കും... അമ്മ തണൽ നൽകി നമ്മളെ
കാക്കുന്ന
വൃക്ഷങ്ങളെ തൊഴുക നിത്യവും നാം... (2)

# A DREAM



Shadiya Fathima
VIII B



# My Story Of LOVE



Sera Lakshmi
VII B

I can tell you my story of love...
of love

I can't go with you...
You can go with me
anywhere you want

I can meet with anytime you
want
You are in my heart... my heart...

I can tell you my story of love...
of love

Be with you anytime
Sleep in your shoulder lap...
Yeah... I am you, you are me
Be with you anytime

I can tell you my story of love...
of love



# HOPE



Shamna P S
VIII B

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]



ഇവാൻ ഗുഹയുടെ അന്തർഭാഗത്ത് നിന്നും ഭിത്തിയിൽ തപ്പിനോക്കി. ഗുഹാകവാടം ലക്ഷ്യം വച്ചു നീങ്ങി. തന്നെ കടിച്ചു തൂക്കി കൊണ്ടു വന്ന കരിമ്പൻ കരടിയും കുടുംബവും എന്തിനോ പുറത്തു പോയിരിക്കയാണ്. കരിമ്പൻ എന്തിനാണ് തന്നെ തടവിൽ പാർപ്പിച്ചിരിക്കുന്നത് എന്ന് ഇവാനറിഞ്ഞുകൂടാ. കരികൾ മനുഷ്യനെ തിരുമോ? ഇന്നുവരെയും അങ്ങനൊരു വാർത്ത കേട്ടിട്ടില്ല. തപ്പിതടഞ്ഞ് ഒരു വിധത്തിൽ ഗുഹാ കവാടത്തിലെത്തി. വലിയ കല്ലുകളും വലിയ മരത്തിന്റെ ശിഖരങ്ങളും കൊണ്ട് കരിമ്പൻ ഗുഹ ഭദ്രമായി അടച്ചിട്ടാണ് പോയിരിക്കുന്നത്.ഒരു കാര്യം ഇവാന് മനസ്സിലായി. ഒന്നുകിൽ ഈ ഗുഹയ്ക്കകത്ത് തന്റെ ജീവിതം അവസാനിക്കും അല്ലെങ്കിൽ കരിമ്പൻ കരടിയുടെ ദയയിലാണ് തന്റെ മുന്നോട്ടുള്ള ജീവിതം. ഇവാൻ ദീർഘ നിശ്വാസം ഉതിർത്തുകൊണ്ട് തിരികെ നടന്നു. എത്ര ആലോചിച്ചിട്ടും ഒരെത്തും പിടിയും കിട്ടുന്നില്ല.

പുഷ്കിൻ എന്ന റഷ്യൻ ഗ്രാമത്തിലായിരുന്നു ഇവാന്റെ ജനനം. ഇവാന്റെ ജനനത്തിനു ശേഷം രോഗിയായ അമ്മ സ്വർഗ്ഗം പൂകി. ഇവാന്റെ പിതാവ് ജോവാൻ അലക് സേവിച്ച് റഷ്യൻ പട്ടാളത്തിലെ ഒരു സാധാരണ പട്ടാളക്കാരനായിരുന്നു. തന്നെ സേവന കാലം കഴിഞ്ഞ് എത്തുന്നവരെയ്ക്കും അമ്മയുടെ അമ്മയായ വസീല നിഖ്യോവിന്റെ സംരക്ഷണത്തിലായിരുന്നു. അമ്മയുടെ മരണശേഷം അച്ഛൻ അവനെയും കൂട്ടി പുഷ്കിൻ ഗ്രാമത്തിലെത്തി. ആദ്യ ദിനങ്ങൾ സന്തോഷപ്രദമായിരുന്നു. ക്രമേണ അച്ഛൻ തന്റെ ദുഃഖം മദ്യത്തിലലിയിച്ചു കളയാൻ തുടങ്ങിയപ്പോഴും.ഇവാന് ദുഃഖമൊന്നും തോന്നിയില്ല. അച്ഛന് തന്നെയും അമ്മയെയും എന്ത് ഇഷ്ടമായിരുന്നെന്ന് അവനോർത്തു. അമ്മയുടെ മരണത്തിന് തൊട്ടു മുൻപത്തെ ക്രിസ്മസ്സ് ഈ വ് തന്റെ ജീവിതത്തിൽ ഒരിക്കലും മറക്കാനാകാത്ത ദിനമായിരിക്കും. അച്ഛനും സുഹൃത്ത് ഇവാനോവിച്ചും കുടുംബവും .... അദ്ദേഹവും അച്ഛനൊന്നിച്ച് പട്ടാളത്തിലായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ അന്ന ഒരു പ്രൈമറി സ്കൂൾ അദ്ധ്യപികയാണ്.. വളരെ ഉദാരമതി. താൻ ഉണ്ടാക്കിയ വിവിധ രുചികളോട്ടു കൂടിയ ധാരാളം പലഹാരങ്ങളുമായിട്ടാണ് അവരുടെ വരവ്. അമ്മയുടെ അസുഖ വിവരം അവക്കും അറിയാമായിരുന്നുവെന്ന് തോന്നുന്നു. കുട്ടിയായതിനാലാവാം എല്ലാവരും തന്നിൽ നിന്ന് മറച്ചാണ് അക്കാര്യം സംസാരിച്ചിരുന്നത്. എങ്കിലും അമ്മയ്ക്ക് എന്തൊ വയ്യായ്ക ഉണ്ടെന്ന് താൻ ഊഹിച്ചിരുന്നു.

അമ്മ തന്നെ വേദതിപ്പിക്കാതിരിക്കാൻ എപ്പോഴും ശ്രദ്ധിച്ചിരുന്നു. ചെറുപ്പം മുതലെ അ മ്മയുടെ സ്വഭാവം അങ്ങനെയായിരുന്നെന്ന് ഇവാനോർത്തു. കൂട്ടുകാരൊക്കെ ബാലസദസ്സുകളിൽ നിന്നും മാതാപിതാക്കളിൽ നിന്നും ലഭിക്കുന്ന ശിക്ഷയുടെ പാടുകൾ കുപ്പായം നീക്കി പ്രദർശിപ്പിക്കുമ്പോൾ അത്തരത്തിലൊരനുഭവം പോലും തന്റെ

ഓർമ്മകളിലൊരിക്കലും ഉണ്ടായിട്ടില്ല.

പാഷ ഇവാനോവിച്ചിന്നെ ഏക സന്താനം ചെറിയ ക്ലാസ്സുകളിൽ ഒരുമിച്ചായിരുന്നു സ്കൂളിൽ പോകുന്ന തും വരുന്നതും അമ്മയോടൊപ്പം കുതിരവില്ലിയിരുന്നു'' 'ഒരിക്കൽ എതിരെ വരുന്ന വണ്ടിയിൽ ഇടിക്കാതിരിക്കാൻ ശ്രമിക്കുന്നതിനിടയിൽ നി യ ന്ത്രണം വിട്ട വണ്ടി മറിഞ്ഞു: കുതിര കളിലൊന്ന് തൽക്ഷണം മരിച്ചു.
 പാഷയുടെ ഇടത് കൈയ്യും വലത് കാലിൻ്റെ പാദത്തിനും ഒടിവ് പറ്റി. തനിക്ക് പറ്റിയ പരുക്കകൾ സുഖമാകുന്നതുവരെ അമ്മ തൻ്റെ അടുത്ത് നിന്ന് മാറിയതേയില്ല എന്ന് ഓർത്തപ്പോൾ അവൻ കണ്ണുനീർ തൂകി.  പൊളീനാ വെളുത്ത് മെലിഞ്ഞ് നിഷ്കളങ്കയായ പെൺകുട്ടി' .തൻ്റെ ബാല്യകാലസഖി വയസിൽ ചെറുതെങ്കിലും ബുദ്ധിയിൽ ധൈര്യത്തിലും അവൾ എന്നേക്കാൾ കേമിയായിരുന്നു.തനിക്ക് പലപ്പോഴും ധൈര്യം നൽകിയിരുന്നത് പാഷയുടെ അനിയത്തി 8 വയസുകാരി പോളിനാ ആയിരുന്നു അന്ന് തനിക്ക് 12 വയസ്സായിട്ടുണ്ടാവും.എത്രപെട്ടന്നാണ് കാര്യങ്ങൾ  ആകെ കുഴപ്പത്തിലായത് വിധി തങ്ങളുടെ കുടുംബത്തിനെതിരായി കരുക്കൾ നീക്കുകയായിരുന്നോ? റിവ നദി അപ്പോഴും ശാന്തമായി ഒഴുകിക്കൊണ്ടിരുന്നു പതിവ് തെറ്റിക്കാതെ പള്ളിമണികൾ മുഴങ്ങിക്കൊണ്ടിരുന്നു ഒരു ശരത്ക്കാലത്തിൻ്റെ അവസാന നാളുകളിലായിരുന്നു അമ്മയുടെ മരണം അച്ഛൻ സാധിക്കുന്നിടത്തോളം ആളുകളിൽ നിന്നൊക്കെ കടം വാങ്ങി ചികിത്സകൾ നടത്തി നോക്കി ഒന്നും ഫലിച്ചില്ല അമ്മ വിധിക്ക് കീഴടങ്ങിയത് തനിക്ക് 10 വയസ്സ് പൂർത്തിയായി ഏതാനും നാളുകൾക്കിടക്കാണ് ആളുകൾക്കിടയ്ക്ക് അച്ഛൻ കടക്കാരനായി തുച്ഛമായ പെൻഷൻ കൃഷിയിൽ നിന്നുള്ള ചെറിയ വരുമാനമോ ഒന്നും കടത്തിൻ്റെ പലിശക്കു പോലും തികഞ്ഞില്ല

ഒരു ഗുഹയ്ക്കുള്ളിൽ തടവിലാക്കപ്പെട്ട തന്നെ നോക്കി കരടി കുട്ടന്മാർ മുരളുകയും ചിരിച്ചുകൊണ്ട് അവരുടെ ഭാഷയിൽ ആശയങ്ങൾ കൈമാറുകയും ചെയ്യുന്നതാണ്.പുതിയ ഇരയുടെ രുചി പരിശോധിക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തുകയാണോ അവർ അധികാരത്തിനു കീഴിൽ തടവിലാക്കപ്പെടുന്ന ഓരോരുത്തരുശോഭകരമായ ഒരു അനുഭവം ആക്കി മാറ്റാൻ കഴിവുള്ള ആ വികാരവിദയവും മനസ്സിൻ്റെ ഒരു അസ്കിത മാത്രമാണോ ഏതൊരു കൊടുങ്കാറ്റിലും ഭൂകമ്പത്തിലും കുലുങ്ങാതെ നിൽക്കുന്ന മറ്റൊരു ഭാവവും മനസ്സിലുണ്ട് എന്നിരുന്നാലും പ്രതിസന്ധി ഉയരുന്ന ഒരു ഇച്ഛാശക്തി മനസ്സിൻ്റെ ഒരു പ്രത്യേകതയാണ് മരണശേഷിക്ക് വിധിക്കപ്പെട്ട ഒരുവൻ്റെ മനസ്സിൽ മരണത്തിൽ നിന്നും രക്ഷ കിട്ടുമെങ്കിൽ എവിടെയും എങ്ങനെയും ജീവിക്കാം എന്നായിരിക്കും പർവ്വതങ്ങളുടെ ഉച്ചിയിൽ സമുദ്രത്തിനടിയിൽ അധികഠിനമായ ഏകാന്തതയിൽ കാലു നീ നിൽക്കാൻ മേടമുള്ള പ്രളയ ജലത്തിൽ പെരുവിരൽ കുത്തി നിൽക്കാൻ മാത്രം കഴിയുന്ന ഐസ് പാളികൾക്കെയും അവസ്ഥ ഏകദേശം തുല്യമാണ് നിബാന തോന്നി ഏകാന്തതയിൽ കാറ്റിൻ്റെ ചെറിയ തല

അങ്ങനെ എവിടെയും എവിടെയും അവസാനശ്വാസം വരെ പിടഞ്ഞു തീരും വരെ യഥാർത്ഥത്തിൽ നാം ജീവിക്കുന്നത് ചുറ്റുപാടുകളിൽ അല്ല നമ്മുടെ ഉള്ളിലാണ് .നമ്മുടെ ചുറ്റും മനുഷ്യരുള്ളപ്പോൾ മനുഷ്യരുടെ അടുത്ത് മനുഷ്യനായി പെരുമാറുക എന്നും മനുഷ്യനായി നിലനിൽക്കുക നിരാശനാകാതിരിക്കുക എന്നത് നിർഭാഗ്യം നേരിട്ടാലും അടിയറവ് പറയാതിരിക്കുക അതാണ് ജീവിതം നിരാശരോ ഉന്മേഷരഹിതരോ ആകാതിരിക്കുക ആർക്കും എത്തിച്ചേരാൻ ആകാത്ത തുരുത്തായി മാറാതിരിക്കുക

ഇങ്ങനെ ചിന്തകൾ കടലകൾ പോലെ ചെയ്തുകൊണ്ടിരുന്നപ്പോൾ
 താനിരുന്ന ഭാഗം വെന്തനത്തിൽ ആക്കിയിരുന്ന റോഡ് തടികൾ എടുത്തുമാറ്റുന്ന ഉച്ചകേട്ട് ഈവാൻ ഞെട്ടി എഴുന്നേറ്റു ഇതാ തനിക്കുള്ള വിധി നടപ്പിലാക്കാൻ പോകുന്നു ആയുധങ്ങൾ മൂർച്ച കൂട്ടിയിട്ടുണ്ടാകാം തൂക്കുകയറിൽ വെള്ളമടി തേച്ച് മിനുസപ്പെടുത്തിയിട്ടുണ്ടാകാം വലിയ ചെമ്പിൽ മസാല ചേരുവകൾ പാകത്തിന് തയ്യാറാക്കിയിട്ടുണ്ടാകാം കരടികുട്ടൻ മാർ തന്നെ നോക്കി കളിയാക്കി വിളിച്ചു കാട്ടുന്നതായി തോന്നി ചുവന്ന നാക്കുകളിൽ നിന്നും കഴിക്കാൻ പോകുന്ന ചിന്തയാൽ രസതുള്ളികൾ തോന്നി അവൻ മുന്നോട്ടു വരുകയും
അവർ മുന്നോട്ടു വരുകയും തന്റെ നേരെ കൈകൾ നീട്ടിയിട്ട് പിന്നാക്കം പോവുകയും ചെയ്തുകൊണ്ടിരുന്നു തട്ടിക്കളിക്കും മണ്ണും തന്നെ മാനസികമായി പീഡിപ്പിക്കുകയാണെന്ന് ഈമാൻ സംശയിച്ചു കരിമ്പൻ സ്വതേയുള്ള ഗൗരവം ഭാവത്തോടെ ഭാഗത്തെ വിറപ്പിച്ചു കൊണ്ടും അനുയായികളാൽ
അവർ മുന്നോട്ടു വരുകയും തന്റെ നേരെ കൈകൾ നീട്ടിയിട്ട് പിന്നാക്കം പോവുകയും ചെയ്തുകൊണ്ടിരുന്നു തട്ടിക്കളിക്കും മണ്ണും തന്നെ മാനസികമായി പീഡിപ്പിക്കുകയാണെന്ന് ഈമാൻ സംശയിച്ചു കരിമ്പൻ സ്വതേയുള്ള ഗൗരവം ഭാവത്തോടെ ഭാഗത്തെ വിറപ്പിച്ചു കൊണ്ടും അനുയായികളായി മഹാന്മാരെ അനുസ്മരിപ്പിക്കും വിധം പത്തോളം വരുന്ന കരടി പടയോടുകൂടിയാണ് നേതാവിന്റെ ആഗമനം കരടി കൂട്ടം ഈമാന് ചുറ്റും ഏകദേശം പത്തായത്തിൽ നിന്നുകൊണ്ട് അവരുടെ ഭാഷയിൽ ആലും മുരളിക്ഷകളാലും ആദിമ നിവാസികളുടെ പൈശാചിക നൃത്തത്തിൽ ഏർപ്പെടാൻ തുടങ്ങിയപ്പോൾ ഇവൻ ചിന്തിച്ചു ഇവരുടെ വിധി വിധി എന്തുതന്നെയായാലും ഏതു വിധത്തിലുള്ളതായാലും തന്റെ മരണം തന്നെയാണ് ആഴികൂട്ടി ഇരയെ ചുട്ടെടുക്കാനുള്ള തയ്യാറെടുപ്പോടെയുള്ള അഗ്നി നൃത്തം ഇല്ലെന്നുള്ള ഒരു കുറവേ ഉള്ളൂ ഇവർ മനുഷ്യനായിരുന്നെങ്കിൽ അവസാന ആഗ്രഹം എന്തെന്ന് ചോദിച്ചാൽ ഈ വിധി എത്രയും നേരത്തെ ആക്കുന്നത് തന്നോട് കാണിക്കുന്ന ഏറ്റവും വലിയ കാരുണ്യം ആയിരിക്കുമെന്ന് അറിയിക്കാമായിരുന്നു എന്ത് ചെയ്യും അപ്പോഴേക്കും നീളമുള്ള 34 കമ്പുകൾ കൂട്ടിക്കെട്ടി ഒരു ചെറു പല്ലക്ക് പോലുള്ള തന്റെ അരികിൽ വച്ച് തന്നെ അതിൽ കിടത്തി കാട്ടുപള്ളികൾ കൊണ്ട് ബന്ധിച്ച ഗുഹയ്ക്ക് അപ്പുറത്തേക്ക് കരടി സംഘത്തിന്റെ അകംപടിയോടെ അട്ടഹാട്ടഹാസങ്ങളാലും പൊട്ടിച്ചിരി കളുടെയും മുരളച്ചുകളുടെയും അകമ്പടിയോടെ ഒരു തുറന്ന സ്ഥലത്തെത്തിച്ചു പക്ഷേ ആഴികൂട്ടാനുള്ള ഒരുക്കങ്ങൾ ഒന്നും കാണാനില്ല കുറച്ച് കുറ്റിച്ചെടികൾ മാത്രമുള്ള ഒരു

വെഡിങ് പ്രദേശം കുറച്ച് അകലത്തായി ഒരു കൊച്ചു അരുവി ഒഴുകുന്നുണ്ട് ആവശ്യത്തിന് സൂര്യപ്രകാശം ലഭ്യമാണ് താരതമ്യേനെ നിരപ്പാർന്ന ഇടമാണ് തനിക്ക് ലഭിച്ചിരുന്നെങ്കിൽ ഇവിടെ കുറച്ച് പച്ചക്കറി നടാം ആയിരുന്ന യുവാൻ തോന്നി ഒരുപക്ഷേ തന്നെ ജീവനോടെ കുഴിച്ചുമൂടാൻ ആകുമോ കരടി ഒരു കൂട്ടത്തിന്റെ തീരുമാനം അപ്പോഴേക്കും കരടി മുന്നോട്ടുവന്ന കെട്ടുകൾ അഴിച്ച് തന്നെ സ്വതന്ത്രനാക്കി ഇതൊന്നു തീർന്നു കിട്ടിയിരുന്നെങ്കിൽ ഒരു പെൺകുട്ടി മുന്നോട്ടുവന്ന കവിളിൽ ഒന്ന് തലോടി വിളിച്ചു കാട്ടി മറ്റൊരു കരടി വന്ന നിലത്തെ മണ്ണ് നീണ്ട കൂർത്തു മൂർത്ത നഖങ്ങൾ കൊണ്ട് കുഴികുത്തി കൊണ്ടിരുന്നു കുട്ടികളും അവന്റെ കൂടെ കൂടി നേരത്തെ വന്ന സ്നേഹപ്രകടനം നടത്തിയ കറുമായിരിക്കും നോക്കുന്നത് യുവാൻ ശ്രദ്ധിച്ചു എന്നാൽ  ക്രൗരിയഭാവം പ്രകടമല്ല അവൾ അവൾ മഞ്ചലടിച്ച് കമ്പുകൾ വേർപെടുത്തി മറ്റുള്ളവർ കുത്തിപ്പിടിച്ചു കമ്പുകൾ കുറുകയും നെടുകയും കുരിശു രൂപത്തിൽ വച്ച് ഒരു വേലി തയ്യാറാക്കാൻ തുടങ്ങി കരിമ്പിൻ കരടിയുടെ നേതൃത്വത്തിൽ ആണ് കരടികൾ ഒരു ജാതിയായി വരുന്നുണ്ടായിരുന്നു അവരുടെ കയ്യിലുള്ള വസ്തുക്കൾ കണ്ടപ്പോൾ ഇവാൻ അത്ഭുതവും തന്റെ കാവൽ മാടത്തിൽ സൂക്ഷിച്ചിരുന്ന സ്റ്റവ്വലുകളും പൂന്താനിപ്പാരകളും മറ്റ് കൃഷി ആയുധങ്ങളും ആ കൂട്ടത്തിൽ ഉണ്ടായിരുന്നു തന്റെ തന്നെ തോട്ടത്തിലെ എന്ന് തോന്നുന്ന ചൂടോടെ പറിച്ചെടുത്ത കുറെ കാരറ്റ് ചെടികളും കാബേജുകളും തക്കാളി മീറ്റ് റൂട്ട് മുതലായ പച്ചക്കറികളും ഒക്കെയുണ്ട് ഇവനൊരു ദീർഘനിശ്വാസം ഉയർത്തുന്നു ഏകദേശം കാര്യം മനസ്സിലായി അവനറിയാതെ ഊരി ചിരിച്ചു പോയി അപ്പോൾ അതാണ് കാര്യം തന്നെക്കൊണ്ട് കൂട്ടത്തിൽ ഒരു പച്ചക്കറിത്തോട്ടം ഉണ്ടാക്കുക അതാണ് അവരുടെ പ്ലാൻ ഇളകി കിടക്കുന്നതും ചില ചെടികൾ നട്ടുപോലെ കരിഞ്ഞു കാണപ്പെട്ടു ഇരുന്നു കരിമ്പൻ കരടിയുടെ നേതൃത്വത്തിൽ നടത്തിയ പരാജയപ്പെട്ട കൃഷിയുടെ അടയാളങ്ങളാണ് അതൊന്ന് വിമാനം മനസ്സിലായി വെറുതെയല്ല രാത്രിയുടെ ഇരുൾ മറയ്ക്കുള്ളിൽ നിന്നും ചില രൂപങ്ങൾ തന്നെ പ്രവർത്തിച്ചുനോക്കി ഓടിമറിഞ്ഞു കൊണ്ടിരുന്നത് പാപങ്ങൾക്ക് കൃഷി ചെയ്യാൻ അറിഞ്ഞുകൂടാ അത് എങ്ങനെ തന്നെ ബോധ്യപ്പെടുത്തണമെന്നും അറിഞ്ഞുകൂടാ അവർക്ക് ആകെ അറിയാവുന്നത് അവർ ചെയ്തു എന്ന് മാത്രം അതായത് മൃഗീയത അതോ അവനവന്റെ നിലനിൽപ്പോ രണ്ടുമാകാം അല്പം അകലെയായി റിവ നദി പൊട്ടിച്ചിരിച്ചുകൊണ്ട് ഒഴുകിക്കൊണ്ടിരുന്നു...

M A Biju Mon
(UP TEACHER)



Darsa Sunil
IX B



## മിന്നുന്നതെല്ലാം മിന്നാമിനുങ്ങല്ല .....

മിന്നാമിനുങ്ങും മിനുങ്ങുന്നു പക്ഷേ മിനുങ്ങുന്നതെല്ലാം
മിന്നാമിനുങ്ങല്ല .....

ചിരിയിൽ പൊതിയുന്ന സങ്കടക്കടലിന്റെ ആഴങ്ങൾ
അറിയുമോ കാഴ്ച കാണുന്നവർ... സന്തോഷമുള്ളോർ
ചിരിക്കുന്നു പക്ഷേ ചിരിക്കുന്നവർക്കൊക്കെ സന്തോഷം
ഉണ്ടോ....

സന്താപമുള്ളോർക്ക് കണ്ണീർ പൊഴിക്കാം
സന്തോഷമുള്ളോർക്ക് അശ്രുക്കൾ തൂകാം ശാന്തതയ്ക്കുള്ളിൽ
കുടിയിരിക്കും പെരും ചുഴിയുണ്ടടിത്തട്ടിൽ ഓർത്തിടണം...

ചൂടും വെളിച്ചവും നൽകുന്ന സൂര്യൻറെ ഉൾത്താപം എത്രയ്ക്ക്
ഉയർന്നതാകാം. വാനിൽ വിളങ്ങുന്ന തിങ്കളിൽ ദേഹം
വിളങ്ങാത്ത ശിലയാണ് ഗർത്തമാണ്....

ക്യാമറക്കുള്ളിൽ നെഗറ്റീവ് പിന്നത് വെളിയിൽ വിളങ്ങുന്ന
ചിത്രങ്ങളായി വേദിയിൽ വേഷങ്ങൾ സുന്ദരമായിടാം വേദിക്ക്
പിന്നിലെന്തായിരിക്കാം.... നാട്യങ്ങളാകുന്നു കാണുന്ന പലതും
നാടകമാടുന്നു ജീവിതം മുഴുവൻ ...

മിന്നാമിനുങ്ങും മിനുങ്ങുന്നു പക്ഷേ മിനുങ്ങുന്നതെല്ലാം
മിന്നാമിനുങ്ങല്ല...

"Gratitude make everything grow.
We are greatful for your support."

_THANK YOU FOR EVERYTHING_

- Little kites members




ST.MARCELLINA'S GIRLS HIGH SCHOOL

NATTASSERY